പാലപ്പിള്ളിയിൽപുലിയിറങ്ങി പശുവിനെ കൊന്നു

തൃശ്ശൂർ: പാലപ്പിള്ളി കുണ്ടായിയിൽ പുലിയിറങ്ങി പശുവിനെ കൊന്നു. വരന്തരപ്പിള്ളി മുൻ പഞ്ചായത്ത് അംഗം ഷീല ശിവരാമന്റെ പശുവിനെയാണ് പുലി ആക്രമിച്ച് കൊന്നത്.

ടിപ്പർ ലോറി ഇടിച്ച് പരിക്കേറ്റ ലോട്ടറി തൊഴിലാളി മരിച്ചു

തൃശ്ശൂർ – ഷൊർണൂർ സംസ്ഥാന പാതയിൽ ചെറുതുരുത്തി കേരള കലാമണ്ഡലത്തിന് സമീപം ടിപ്പർ ലോറിയിടിച്ച് പരിക്കേറ്റ ലോട്ടറി തൊഴിലാളി മരിച്ചു. നെടുമ്പുര കോട്ടപ്പറമ്പിൽ രാജൻ ആണ് മരിച്ചത് . ഇന്നലെ രാവിലെ ആയിരുന്നു അപകടം ഉണ്ടായത് .

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 154 2026 സെപ്തംബർ 09 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

പിണറായിക്കെതിരെ കേസ് എടുക്കുന്നതിൽ രാഷ്ട്രീയം ഇല്ല

തീരുമാനം നിയമപരമായി പരിശോധിച്ച്

തിരു: പ്രതിപക്ഷ നേതാവ് പിണറായി വിജയനെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചുള്ള ഇ.ഡി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ രാഷ്ട്രീയമില്ലെന്ന് മുഖ്യമന്ത്രി വിഡി സതീശൻ. വിഷയത്തിൽ നിയമപരമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഇ.ഡി നൽകിയ റിപ്പോർട്ടാണെന്ന ഒറ്റ കാരണം കൊണ്ട് മാത്രം അതിലെ വിവരങ്ങൾ തള്ളിക്കളയില്ലെന്നും കൃത്യമായ നിയമപരിശോധനയ്ക്ക് ശേഷം തുടർതീരുമാനം കൈക്കൊള്ളുമെന്നും അദ്ദേഹം മന്ത്രിസഭാ യോഗ വിശദീകരിച്ചുകൊണ്ട് അറിയിച്ചു.

കോൺഗ്രസ് നേതാക്കൾ മുൻപ് ഇ.ഡി കേസുകൾ നേരിട്ടപ്പോൾ ഉദ്യോഗസ്ഥരുടെ വാഹനം തല്ലിത്തകർക്കുകയല്ല ചെയ്തതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ചോദ്യത്തിനിടെ സി.പി.എമ്മിനുള്ളിലെ ആഭ്യന്തര തർക്കങ്ങളെ വിമർശിച്ച അദ്ദേഹം, അവിടെ നടക്കുന്നത് ന്യായീകരണങ്ങൾ മാത്രമാണെന്ന് കുറ്റപ്പെടുത്തി. വ്യക്തിക്കെതിരേ അതിശക്തമായ ആക്ഷേപമാണ് ആ പാർട്ടിയിൽ നിലനിൽക്കുന്നത്. സ്വന്തം ഭാര്യയെ സ്ഥാനാർഥിയാക്കിയ പാർട്ടി സെക്രട്ടറിയുടെ നടപടിക്കെതിരെ കേന്ദ്ര കമ്മിറ്റിവരെ ആക്ഷേപം ഉയർത്തിയ കാര്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇ.ഡി അന്വേഷണങ്ങളുമായി രാഹുൽ ഗാന്ധി മുൻപ് പൂർണമായി സഹകരിച്ചിരുന്നുവെന്നും വണ്ടിയോ പൊതുമുതലുകളോ തല്ലിപ്പൊളിക്കുന്ന രീതി ഉണ്ടായിരുന്നില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

രാഹുൽ ഗാന്ധിയുമായി കേന്ദ്ര പദ്ധതിയായ 'പി.എം ശ്രീ' (PM SHRI) സംബന്ധിച്ച് യാതൊരു ചർച്ചയും നടത്തിയിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രാഹുൽ ഗാന്ധിയുമായി സംസാരിച്ച വിവരങ്ങൾ പൊതുവിടത്തിൽ ആരോടും വെളിപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹം അത് ആരോടെങ്കിലും പറഞ്ഞതായി അറിവില്ലെന്നും പറഞ്ഞ മുഖ്യമന്ത്രി, ചർച്ച നടത്തിയെന്ന പ്രചാരണം വാസ്തവ വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി. പി.എം ശ്രീ പദ്ധതിയുടെ സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

സംസ്ഥാനത്തെ ജില്ലാ ജുഡീഷ്യൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 60–ൽ നിന്നും 62 വയസ്സായി ഉയർത്താൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചു.

സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് മന്ത്രിസഭാ യോഗ വിശദീകരിച്ചു കൊണ്ട് മുഖ്യമന്ത്രി അറിയിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.സി.യു പീഡന ക്കേസിലെ അതിജീവിതയ്ക്ക് 5 ലക്ഷം രൂപ ധനസഹായം അനുവദിക്കാനും സുപ്രീംകോടതി സീനിയർ അഭിഭാഷക പാനലിന് അംഗീകാരം നൽകാനും യോഗം തീരുമാനിച്ചു.

നെടുമ്പാശേരിയിൽ സ്കൂളിനു മുകളിൽ വിമാനം താഴ്ന്നു പറന്നു: ഓടുകൾ പറന്നുപോയി

പെരുമ്പാവൂർ: നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നുള്ള വിമാനം താഴ്ന്ന് പറന്നതിനെ തുടർന്ന് സ്കൂളിന്റെ ഓടുകൾ തകർന്നു. ഒക്കൽ ശ്രീ നാരായണ ഹയർ സെക്കൻഡറി സ്കൂളിന്റെ ഓടുകളാണ് തകർന്നത്. രാത്രിയാണ് സംഭവം നടന്നത്. അതിനാൽ വലിയ അപകടം ഒഴിവാകുകയായിരുന്നു.

വിമാനം താഴ്ന്ന് പറന്നതിനെ തുടർന്ന് മുമ്പും സമീപ പ്രദേശത്തെ കെട്ടിടങ്ങൾക്ക് കേടുപാടുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ജൂൺ 15ന് അത്താണിയിൽ വീടിന്റെ ഓടുകൾ സമാന രീതിയിൽ പറന്നു പോയി. അന്ന് വീട്ടുടമക്ക് നിസാര പരിക്കേറ്റു. മെയിലും പെരുമ്പാവൂരിൽ വീടിന് കേടുപാട് സംഭവിച്ചിരുന്നു.

സുരക്ഷാ ജീവനക്കാരന് സസ്പെൻഷൻ

തൃശൂർ: മെഡിക്കൽ കോളേജ് ആശുപത്രിയിൽ മദ്യപിച്ച് ബഹളമുണ്ടാക്കിയ സുരക്ഷാ ജീവനക്കാരന് സസ്പെൻഷൻ. സുരക്ഷ ജീവനക്കാരൻ ചന്ദ്രനെയാണ് ആശുപത്രി സൂപ്രണ്ടാണ് സസ്പെൻഡ് ചെയ്തത്. ഡ്യൂട്ടിക്കെത്തിയ ചന്ദ്രൻ മദ്യപിച്ച് രോഗികൾ ഉൾപ്പെടെയുള്ളവരെ അസഭ്യം പറഞ്ഞ് ബഹളമുണ്ടാക്കുകയായിരുന്നു. മദ്യപിച്ച് അസഭ്യം പറയുന്ന വീഡിയോ കഴിഞ്ഞദിവസം പ്രചരിച്ചിരുന്നു.

'ഒരു മജിസ്ട്രേറ്റിന് അതിന് എങ്ങനെ ധൈര്യം വന്നു?'; സി.ജെ.പി പ്രതിഷേധത്തിൽ നോയിഡ വിദ്യാർഥിക്ക് നോട്ടീസ് നൽകിയ സംഭവം, രൂക്ഷ വിമർശനവുമായി ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: ഡൽഹിയിലെ ജന്തർമന്തറിൽ നടന്ന സി.ജെ.പി പ്രക്ഷോഭത്തിൽ പങ്കെടുത്ത വിദ്യാർഥിക്ക് നോട്ടീസ് അയച്ച സംഭവത്തിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് കടുത്ത അമർഷം രേഖപ്പെടുത്തി. ഗ്രേറ്റർ നോയിഡ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഈ നടപടിയെ ചോദ്യം ചെയ്ത ചീഫ് ജസ്റ്റിസ്, ഒരു മജിസ്ട്രേറ്റിന് ഇതിന് എങ്ങനെ ധൈര്യം വന്നു എന്ന് രൂക്ഷമായി ചോദിച്ചു. വിദ്യാർഥികൾക്കെതിരെ യാതൊരുവിധ കർശന നടപടികളും പാടില്ലെന്ന് കോടതി നേരത്തെ വ്യക്തമാക്കിയതാണെന്നും ആ ഉത്തരവ് ലംഘിക്കാൻ ഏതെങ്കിലും മജിസ്ട്രേറ്റിന് എങ്ങനെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗൗതം ബുദ്ധ യൂണിവേഴ്സിറ്റിയിലെ ഒരു രണ്ടാം വർഷ വിദ്യാർഥിക്കാണ് ഈ വിവാദ നോട്ടീസ് ലഭിച്ചത്. ഡൽഹിയിലെ ജന്തർമന്തറിൽ 'കോക്ക്റോച്ച് ജനതാ പാർട്ടി' സംഘടിപ്പിച്ച പ്രതിഷേധ മാർച്ചിൽ വിദ്യാർഥി പങ്കെടുത്തു എന്നാരോപിച്ചായിരുന്നു നടപടി. ഈ വിഷയം ഒരു അഭിഭാഷകൻ കോടതിയിൽ ഉന്നയിച്ചപ്പോഴാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ ഭാഗത്തുനിന്ന് ഈ ശക്തമായ പ്രതികരണമുണ്ടായത്. വിദ്യാർഥികൾക്കെതിരെയുള്ള ഇത്തരം നടപടികൾ കോടതി ഉത്തരവുകളുടെ നഗ്നമായ ലംഘനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിദ്യാർഥിക്ക് നോട്ടീസ് നൽകിയ സംഭവം ചൊവ്വാഴ്ച വലിയ രീതിയിലുള്ള വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. തുടർന്ന് വ്യാപകമായ ചർച്ചകളും വിമർശനങ്ങളും ഉയർന്നതിനെത്തുടർന്ന് ഈ നോട്ടീസ് പിന്നീട് അധികാരികൾ പിൻവലിക്കുകയുണ്ടായി. എങ്കിലും കോടതിയുടെ കൃത്യമായ നിർദ്ദേശങ്ങൾ വകവെക്കാതെ ഉദ്യോഗസ്ഥർ ഇത്തരം നടപടികളിലേക്ക് കടക്കുന്നത് ഗൗരവകരമായ വിഷയമാണെന്ന് സുപ്രീംകോടതിയുടെ ഈ ഇടപെടൽ അടിവരയിടുന്നു.

യുഎസ് മുങ്ങിക്കപ്പൽ പിടിച്ചെടുത്ത് ഇറാൻ; ജോർദാനിലും ആക്രമണം; സൗദിയിൽ ഹൂതികളുടെ മിസൈൽ വർഷം

ഇറാൻ: ജേസനിലെയും ആഭയിലെയും എണ്ണപ്പാടങ്ങളിൽ നിന്ന് കറുത്ത പുക വലിയ തോതിൽ ഉയരുന്നതിന്റെ ഉപഗ്രഹചിത്രങ്ങൾ നാസ പുറത്തുവിട്ടു. ആക്രമണത്തിന് പിന്നാലെ ഊർജകേന്ദ്രങ്ങളുടെ പ്രവർത്തനം സൗദി താൽകാലികമായി നിർത്തി.

ഇറാന്റെഅഞ്ച് എണ്ണ ടാങ്കറുകൾ പിടിച്ചെടുത്തുവെന്ന യുഎസ് അവകാശവാദത്തിന് പിന്നാലെ അമേരിക്കയുടെ ആളില്ലാ മുങ്ങിക്കപ്പൽ പിടിച്ചെടുക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവിട്ട് ഇറാൻ സൈന്യം. ഹോർമുസ് കടലിടുക്കിന് സമീപത്ത് നിന്നുമാണ് യുഎസ് മുങ്ങിക്കപ്പൽ ഇറാൻ പിടിച്ചെടുത്തത്. 'അമേരിക്കൻ ഭീകരവാദി സൈന്യത്തിൻറെ അത്യാധുനിക, ആളില്ലാ സ്മാർട്ട് മുങ്ങിക്കപ്പൽ ഹോർമുസിൻറെ കവാടത്തിൽ വച്ച് ഐആർജിസിയുടെ നാവിക സംഘം ഇതാ പിടിച്ചെടുത്തിരിക്കുന്നു. 2025 ലേതാണ് ഈ മുങ്ങിക്കപ്പൽ. പിടിച്ചെടുത്തതിന്റെകൂടുതൽ വിവരങ്ങളും ദൃശ്യങ്ങളും മണിക്കൂറുകൾക്കകം പുറത്തുവിടും' എന്നായിരുന്നു ഐആർജിസിയുടെ എക്സ് പോസ്റ്റ്. കടലിൽ മൈനുകൾ പാകിയത് എവിടെയൊക്കെ, സബ് മറൈൻ കേബിളുകളും പൈപ്പ്?ലൈനുകളും എവിടെ എന്നെല്ലാം കൃത്യമായി കണ്ടെത്താനും വിലയിരുത്താനും കഴിവുള്ള മുങ്ങിക്കപ്പലാണിത്.

ഇതിന് പിന്നാലെ ജോർദാനിലെ യുഎസ് വ്യോമത്താവളത്തിന് നേരെയും ഇറാൻ സൈന്യം കനത്ത ആക്രമണം നടത്തി. ഇറാന്റെ അഞ്ച് എണ്ണ ടാങ്കറുകൾ നശിപ്പിച്ചതായി അമേരിക്ക അവകാശപ്പെട്ടതിന് പിന്നാലെയാണ് തിരിച്ചടി. ഒപ്പം ഹൂതികളും ഇറാന് വേണ്ടി സൗദിയിൽ ആക്രമണം നടത്തിയതായി റിപ്പോർട്ടുകളുണ്ട്. സൗദിയിലെ നാല് നഗരങ്ങളിൽ ഹൂതികൾ നടത്തിയ ആക്രമണത്തിൽ 73 പേർക്ക് പരുക്കേറ്റുവെന്നാണ് റിപ്പോർട്ട്.

ഖാമിസ് മുഷെയ്ത്, ആഭ, നർദാൻ, ജേസാൻ എന്നിവിടങ്ങളിലെ എണ്ണപ്പാടങ്ങളും ഊർജകേന്ദ്രങ്ങളും ലക്ഷ്യമിട്ട് വലിയ ആക്രമണം നടന്നു. വലിയ തീ ആളിക്കത്തുന്നതിൻറെ ദൃശ്യങ്ങളും സൗദിയിൽ നിന്ന് പുറത്തുവന്നു. ജേസനിലെയും ആഭയിലെയും എണ്ണപ്പാടങ്ങളിൽ നിന്ന് കറുത്ത പുക വലിയ തോതിൽ ഉയരുന്നതിന്റെ ഉപഗ്രഹചിത്രങ്ങൾ നാസ പുറത്തുവിട്ടു. ആക്രമണത്തിന് പിന്നാലെ ഊർജകേന്ദ്രങ്ങളുടെ പ്രവർത്തനം സൗദി താൽകാലികമായി നിർത്തിവച്ചു.

യുഎസ് അതിക്രമത്തിന് അതിലും വലിയ അളവിൽ തിരിച്ചടി നൽകാനാണ് തീരുമാനമെന്നും കുവൈത്ത്, ബഹ്റൈൻ തീരത്തുള്ള അമേരിക്കൻ കപ്പലുകൾ ആക്രമിക്കുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകി. കപ്പലുകളിലെ ജീവനക്കാരെ ഒഴിപ്പിക്കാനും അന്ത്യശാസനം നൽകി. അതേസമയം ഇറാനെതിരെയുള്ള ആക്രമണത്തിൽ നിന്ന് പിൻമാറില്ലെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർകോ റുബിയോ പറഞ്ഞു.

ഉച്ചഭക്ഷണം പ്ലസ് ടു വരെയാക്കും; പ്രഭാതഭക്ഷണം ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി

തിരു : സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്ലസ് ടു വരെയാക്കാനും പ്രഭാതഭക്ഷണം കൂടി ഉൾപ്പെടുത്താനും നടപടികൾ സ്വീകരിക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ. സമഗ്ര ശിക്ഷാ കേരളം സംഘടിപ്പിച്ച ജില്ലാ പ്രൊജക്ട് കോ ഓർഡിനേറ്റർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും സംസ്ഥാനതല ഓറിയന്റേഷൻ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിലവിൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് പി.എം പോഷൺ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഹയർ സെക്കൻഡറി തലത്തിലേക്ക് വിപുലീകരിക്കുന്നതിലൂടെ മുഴുവൻ സ്കൂൾ കുട്ടികൾക്കും പോഷകാഹാരം ഉറപ്പാക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. കെ.ടെറ്റ് സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പാക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. അതിന്റെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് അധ്യാപകർക്കുണ്ടായ ആശയക്കുഴപ്പങ്ങൾക്ക് വ്യക്തത വരുത്താനായി സർക്കാർ സുപ്രീം കോടതിയിൽ ക്യൂറേറ്റീവ് പെറ്റിഷൻ നൽകുമെന്നും മന്ത്രി അറിയിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പി.എം പോഷൺ' അടിസ്ഥാനമാക്കി ഒമ്പത് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കും ഉച്ചഭക്ഷണം നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിരുന്നു. കഴിഞ്ഞ മാസം ഡൽഹിയിൽ ചേർന്ന യോഗത്തിൽ കേരളം ഇതിന് പൂർണ സമ്മതം അറിയിച്ചു. ഭക്ഷണം പൗരന്റെ അടിസ്ഥാന അവകാശമാണെന്നും ക്ഷേമരാഷ്ട്രത്തിൽ അത് സംരക്ഷിക്കപ്പെടണമെന്നും അന്ന് മന്ത്രി വ്യക്തമാക്കിയിരുന്നു.

ഉപഭോഗം കൂടി, വൈദ്യുതി പ്രതിസന്ധി രൂക്ഷം; സെപ്റ്റംബർ 15 ഓടെ പരിഹരിക്കാമെന്ന് പ്രതീക്ഷ – മുഖ്യമന്ത്രി

തിരു : സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി സെപ്റ്റംബർ 15–ഓടെ പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി വി.ഡി. സതീശൻ. കഴിഞ്ഞ വർഷത്തേക്കാൾ വൈദ്യുതി ഉപഭോഗം വർധിച്ചതാണ് നിലവിലെ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് അദ്ദേഹം പറഞ്ഞു. മഴയുടെ കുറവ് കാരണം ഡാമുകളിൽ സംഭരണശേഷിയുടെ പകുതിയോളം മാത്രമാണ് വെള്ളമുള്ളതെന്നും ഇത് ആഭ്യന്തര വൈദ്യുത ഉത്പാദനം കുറയാൻ കാരണമായെന്നും മുഖ്യമന്ത്രി പറഞ്ഞു.

കൽക്കരി ക്ഷാമം കാരണം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറഞ്ഞതും പീക്ക് സമയങ്ങളിൽ വലിയ തുക നൽകി പുറത്തുനിന്ന് വൈദ്യുതി വാങ്ങേണ്ടി വരുന്നതും സ്ഥിതി സങ്കീർണമാക്കുന്നുണ്ട്. എങ്കിലും ജനങ്ങളുടെ മേൽ അമിത നിരക്ക് അടിച്ചേൽപ്പിക്കാതെ തടസ്സമില്ലാതെ വൈദ്യുതി എത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

വൈകുന്നേരം ഏഴ് മണി മുതൽ 12 മണി വരെയുള്ള സമയങ്ങളിൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി കെഎസ്ഇബിക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുമെന്നും അദ്ദേഹം അറിയിച്ചു.

ഏഷ്യൻ ഗെയിംസ്: മലയാളി താരങ്ങൾക്ക് വൻ പാരിതോഷിക പ്രഖ്യാപനം

തൃശ്ശൂർ: ഏഷ്യൻ ഗെയിംസിൽ സ്വർണം നേടുന്ന മലയാളി കായികതാരങ്ങൾക്ക് 50 ലക്ഷം രൂപ പാരിതോഷികം നൽകുമെന്ന് കായികമന്ത്രി ഒ. ജെ. ജനീഷ് അറിയിച്ചു. വെള്ളി മെഡൽ നേടുന്നവർക്ക് 30 ലക്ഷം രൂപയും വെങ്കല മെഡൽ നേടുന്നവർക്ക് 20 ലക്ഷം രൂപയുമാണ് പാരിതോഷികമായി പ്രഖ്യാപിച്ചിരിക്കുന്നത്. കൂടാതെ, ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുന്ന എല്ലാ മലയാളി കായികതാരങ്ങൾക്കും ഒരു ലക്ഷം രൂപ വീതം മുൻകൂറായി നൽകുമെന്നും മന്ത്രി അറിയിച്ചു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

O.S. 355/2024
EP. 283/2026

ഇരിങ്ങാലക്കുട നിധി ലിമിറ്റഡിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ബിജുപോൾ

–വിധി ഉടമസ്ഥൻ

മുകുന്ദപുരം താലൂക്ക് പൊറത്തിശ്ശേരി വില്ലേജ് കാരുകുളങ്ങര ദേശത്ത് കൈമഴത്ത് സേതുമാധവൻ മകൻ സുധീഷ്

–1–ാം വിധികടക്കാരൻ

മേൽ നമ്പർ വിധിനടത്ത് ഹർജിയിലെ ഒന്നാം വിധി കടക്കാരനുള R37 നോട്ടീസും R66 നോട്ടീസും പതിച്ചുനടത്തുവാൻ കൽപ്പിച്ച് വിധിനടത്ത് ഹർജി 3–10–2026 തിയ്യതിക്ക് വിചാരണക്ക് വച്ചിരിക്കുന്നുവെന്നും തർക്കമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് നിയമാനുസരണം കോർട്ടിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

എന്ന് ഉത്തരവിൻപ്രകാരം
വിധിഉടമസ്ഥൻ ഭാഗം അഡ്വക്കേറ്റ്
കെ.ജി. അജയകുമാർ
(ഒപ്പ്)

യുകെ വ്യോമഗതാഗത പ്രതിസന്ധി: ഇന്ത്യയിലേക്കുള്ള എയർ ഇന്ത്യ സർവീസുകൾ താറുമാറായി; യാത്രക്കാർക്ക് ജാഗ്രതാ നിർദേശം

ലണ്ടൻ: ബ്രിട്ടനിലെ എയർ ട്രാഫിക് കൺട്രോൾ സംവിധാനത്തിലുണ്ടായ സാങ്കേതിക തകരാറിനെ തുടർന്ന് യു.കെയിലെ വ്യോമഗതാഗതം പ്രതിസന്ധിയിലായതോടെ, ഇന്ത്യയ്ക്കും യു.കെക്കും ഇടയിലുള്ള വിമാന സർവീസുകൾ വ്യാപകമായി തടസ്സപ്പെട്ടു. എയർ ട്രാഫിക് സംവിധാനം തകരാറിലായതോടെ യു.കെയിലേക്കും തിരിച്ചും സർവീസ് നടത്തുന്ന തങ്ങളുടെ നിരവധി വിമാനങ്ങൾ തിരിച്ചുവിടാനും വൈകാനും റദ്ദാക്കാനും കാരണമായതായി എയർ ഇന്ത്യ വ്യക്തമാക്കി. വിമാനങ്ങളും ക്രൂ അംഗങ്ങളും പല സ്ഥലങ്ങളിലായി കുടുങ്ങിപ്പോയതിനാൽ എയർ ഇന്ത്യയുടെ മറ്റ് സർവീസുകളെയും ഇത് ബാധിച്ചേക്കാമെന്ന് കമ്പനി അറിയിച്ചു.

വിമാനത്താവളങ്ങളിലേക്ക് പുറപ്പെടുന്നതിന് മുൻപ് യാത്രക്കാർ തങ്ങളുടെ ഫ്ളൈറ്റ് സ്റ്റാറ്റസ് എയർ ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി (https://airindia.com/in/en/manage/flight-status.html) കൃത്യമായി പരിശോധിക്കണമെന്ന് എയർ ഇന്ത്യ അഭ്യർഥിച്ചു. തങ്ങളുടെ നിയന്ത്രണത്തിന് അതീതമായ സാഹചര്യമാണെന്നും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും കമ്പനി അറിയിച്ചു. യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ടിൽ കമ്പനി ഖേദം പ്രകടിപ്പിച്ചു.

'ഫ്ളൈറ്റ് റഡാർ 24' നൽകുന്ന കണക്കുകൾ പ്രകാരം യു.കെയിലുടനീളം 1,300–ഓളം വിമാന സർവീസുകളാണ് റദ്ദാക്കപ്പെട്ടത്. ലണ്ടനിലെ ഹീത്രൂ, ഗാറ്റ്വിക്, മാഞ്ചസ്റ്റർ, സ്റ്റാൻസ്റ്റെഡ്, ബർമിങ്ഹാം ഉൾപ്പെടെയുള്ള പ്രധാന വിമാനത്താവളങ്ങളെല്ലാം തടസ്സങ്ങൾ നേരിടുന്നവയിൽ ഉൾപ്പെടുന്നു. ബ്രിട്ടീഷ് എയർവേയ്സ് നൂറിലധികം വിമാനങ്ങൾ റദ്ദാക്കി. ഈസിജെറ്റ് 218 സർവീസുകളും കെഎൽഎം 37 സർവീസുകളും റദ്ദാക്കിയിട്ടുണ്ട്. റയാൻ എയറിന്റെ ഇരുന്നൂറിലധികം സർവീസുകൾ റദ്ദാക്കിയത് ഒന്നര ലക്ഷത്തോളം യാത്രക്കാരെ ബാധിച്ചു. ഹീത്രൂ വിമാനത്താവളത്തിൽ ചൊവ്വാഴ്ച ലാൻഡിങ് സർവീസുകൾ താത്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ആഴ്സനൽ ഫുട്ബോൾ ടീമിന്റെ ചാമ്പ്യൻസ് ലീഗ് യാത്രയും വിമാനം വൈകിയതിനെ തുടർന്ന് തടസ്സപ്പെട്ടു.

ബ്രിട്ടനിലെ വ്യോമഗതാഗതം നിയന്ത്രിക്കുന്ന ദേശീയ എയർ ട്രാഫിക് സർവീസ് ഏജൻസിയാണ് നാഷണൽ എയർ ട്രാഫിക് സർവീസസ് ഏതൊരു സാങ്കേതിക തകരാറിലും വിമാനങ്ങളുടെ സുരക്ഷയ്ക്ക് മുൻഗണന നൽകി വ്യോമപാതയിലെ ട്രാഫിക് നിയന്ത്രിക്കുകയാണ് എൻ.എ.ടി.എസ് സ്വീകരിക്കുന്ന പ്രാഥമിക സുരക്ഷാ രീതി. 2023–ൽ ഓട്ടോമേറ്റഡ് ഫ്ളൈറ്റ് പ്ലാൻ പ്രോസസിങ്ങിലുണ്ടായ തകരാറിനെ തുടർന്ന് ഏഴ് ലക്ഷത്തോളം യാത്രക്കാർ ദുരിതത്തിലായതിനെത്തുടർന്ന് യു.കെ. സിവിൽ ഏവിയേഷൻ അതോറിറ്റി നടത്തിയ സ്വതന്ത്ര അന്വേഷണത്തിൽ സുരക്ഷാ മുൻകരുതലുകളും അടിയന്തര നടപടികളും ശക്തമാക്കാൻ 34 നിർദേശങ്ങൾ മുന്നോട്ടുവെച്ചിരുന്നു. വിമാനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി, സാങ്കേതിക തകരാറുകൾ ഉണ്ടാകുമ്പോൾ സ്വയം പ്രവർത്തനം പരിമിതപ്പെടുത്തുന്ന 'ഫെയിൽ–സേഫ്' സുരക്ഷാ ക്രമീകരണങ്ങളും ബാക്കപ്പ് സംവിധാനങ്ങളും എൻ.എ.ടി.എസിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ, ഇത്തരം സുരക്ഷാ മുൻകരുതലുകൾ ഉണ്ടായിരുന്നിട്ടും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ മൂന്നാം തവണയാണ് യു.കെയിലെ വ്യോമഗതാഗത സംവിധാനം സമാന രീതിയിൽ സ്തംഭിക്കുന്നത്. പ്രൈമറി സിസ്റ്റത്തിൽ തകരാറുണ്ടാകുമ്പോൾ ബാക്കപ്പ് സംവിധാനത്തിലേക്ക് സുഗമമായി മാറാൻ സാങ്കേതികമായി സാധിക്കാത്തതാണ് ബ്രിട്ടന് തുടർച്ചയായി തിരിച്ചടിയാകുന്നത്. കൂടാതെ, കൃത്യമായ സമയക്രമത്തിൽ സർവീസ് നടത്തുന്ന യു.കെയിലെ വിമാനത്താവളങ്ങളുടെ തിരക്കേറിയ നെറ്റ്വർക്ക് കാരണം ഒരു കേന്ദ്രത്തിലുണ്ടാകുന്ന ചെറിയ തകരാർ പോലും യൂറോപ്പിലുടനീളം വിമാനങ്ങളും ജീവനക്കാരും പലസ്ഥലങ്ങളിലായി കുടുങ്ങിപ്പോകുന്നതിന് കാരണമാകും.

നിലവിലെ പ്രതിസന്ധിയിൽ, ഫ്ളൈറ്റ് ഡാറ്റ പ്രോസസിങ് സിസ്റ്റത്തിലുണ്ടായ തകരാർ പരിഹരിച്ചതായും സർവീസുകൾ സാധാരണ നിലയിലേക്ക് തിരികെ കൊണ്ടുവരാൻ ശ്രമിക്കുകയാണെന്നും എൻ.എ.ടി.എസ് അറിയിച്ചെങ്കിലും, ബാക്ക്ലോഗ് പൂർണമായി തീർക്കാൻ സമയമെടുക്കുമെന്ന് അധികൃതർ വ്യക്തമാക്കി. തകരാറിന്റെ കൃത്യമായ കാരണം എന്താണെന്ന് ഇതുവരെ വ്യക്തമായിട്ടില്ലെന്ന് എൻ.എ.ടി.എസ് ചീഫ് എക്സിക്യൂട്ടീവ് മാർട്ടിൻ റോൾഫ് പറഞ്ഞു. എന്നാൽ, എൻ.എ.ടി.എസ് ചീഫ് എക്സിക്യൂട്ടീവ് രാജിവയ്ക്കണമെന്ന് റയാൻ എയർ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ആവശ്യപ്പെട്ടു. സംഭവത്തെക്കുറിച്ച് യുകെ സിവിൽ ഏവിയേഷൻ അതോറിറ്റിയും ഗതാഗത സെക്രട്ടറി ഹൈഡി അലക്സാണ്ടറും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

കടുപ്പത്തിലൊരു ചായ...

കാജാ ചായ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ് വി ആർ.രമേഷ് എൽ ഡി എഫ് സ്ഥാനാർഥി

ഇരിങ്ങാലക്കുട:വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് എടതിരിഞ്ഞി ഡിവിഷൻ ഉപതിരഞ്ഞെടുപ്പിൽ എൽ ഡി എഫ് സ്ഥാനാർഥിയായി വി ആർ.രമേഷ് നെ തീരുമാനിച്ചു.

സിപിഐ നോർത്ത് ലോക്കൽ കമ്മിറ്റി സെക്രട്ടറിയായും,മണ്ഡലം സെക്രട്ടേറിയറ്റ് അംഗമായും പ്രവർത്തിക്കുന്ന വി ആർ.രമേഷ് പടിയൂർ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ചിട്ടുണ്ട്,ബ്ലോക്ക് പഞ്ചായത്തിലെ സിപിഐ മെമ്പറായിരുന്ന ബാബു ചിങ്ങാരത്തിന്റെ മരണത്തെ തുടർന്നാണ് ഉപ തെരഞ്ഞെടുപ്പ് വേണ്ടി വന്നത്,സെപ്റ്റംബർ 28 നാണ് ഉപ തെരഞ്ഞെടുപ്പ്.

സ്ഥാനാർഥി തീരുമാനം സംബന്ധിച്ച് ചേർന്ന എൽ ഡി എഫ് നിയോജക മണ്ഡലം യോഗത്തിൽ സിപിഐ മണ്ഡലം കമ്മിറ്റി സെക്രട്ടറി എൻ കെ.ഉദയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു,എൽ ഡി എഫ് മണ്ഡലം കൺവീനർ ഉല്ലാസ് കളക്കാട്ട്,സിപിഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.മണി,സിപിഐ എം ഏരിയ സെക്രട്ടറി വി എ.മനോജ്കുമാർ എന്നിവർ സംസാരിച്ചു

ഗ്രാമോത്സവം 2026 സീനിയർ സംഗമം നടത്തി

തുറവൻകാട്: ഗ്രാമോത്സവം 2026-ന്റെ ഭാഗമായി തുറവൻകാട് സ്നേഹതീരം ഹാളിൽ സീനിയർ സംഗമം സംഘടിപ്പിച്ചു. സെന്റ് ജോസഫ് കോളേജിലെ എം.എസ്.ഡബ്ല്യു വിഭാഗം മേധാവി സിസ്റ്റർ ജെസ്സിൻ സംഗമം ഉദ്ഘാടനം ചെയ്തു.

പഞ്ചായത്തംഗം തോമസ് തൊകലത്ത് അധ്യക്ഷത വഹിച്ചു. കെ കെ വിശ്വനാഥൻ, അങ്കണവാടി ടീച്ചർ, രേഖ എം ആർ, ആശാ വർക്കർ ബിന്ദു മോഹനൻ എന്നിവർ സംസാരിച്ചു. സീനിയർ സംഗമത്തിൽ നിന്നുള്ള മറുപടി പ്രസംഗത്തിൽ വിൻസൺ കരിപ്പായി, മല്ലിക സുകുമാരൻ, ശോഭന ചന്ദ്രൻ, മേരി റപ്പായി, എന്നിവർ ആശയങ്ങൾ അവതരിപ്പിച്ചു വിവിധ കലാപരിപാടികൾ പങ്കുവെച്ചു.

സീനിയർ പൗരന്മാരുടെ സൗഹൃദവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്നതായിരുന്നു സംഗമം. പുതിയ ഭാരവാഹികൾ-ശോഭന ചന്ദ്രൻ പ്രസിഡന്റ്, മേരിറപ്പായി സെക്രട്ടറി, രുദ്രൻ വാരിയർ ട്രഷറർ.

കുന്നംകുളം മൂക്കുത്തി കടയും, മൂക്കുത്തി ചരിത്രവും



പരമ്പരാഗതമായി കുന്നംകുളം സംസ്കാരം വേറിട്ടതാണ്. വിപുലമായ ഈ സംസ്കാരം പലതലങ്ങളിലും പഠന വിധേയമായി കൊണ്ടിരിക്കുന്നു.

കുന്നംകുളം വെള്ളി ആഭരണ പാരമ്പര്യത്തിന്റെ ചുവടു പിടിച്ച് പ്രവർത്തിക്കുന്നതാണ് തെക്കേക്കര ഐപ്പുകുട്ടി സ്ഥാപിച്ച തെക്കേകര സിൽവർ ജ്വല്ലറി, ഐപ്പുകുട്ടിയുടെ മകൻ തോമസ് തെക്കേക്കര നയിക്കുന്ന പുതു ആഭരണ സംരംഭമാണ് 'മൂക്കുത്തിക്കട'. കേരളത്തിലെ ആദ്യ നൂതന സംരംഭം കൂടിയാണ് മൂക്കുത്തിക്കടയെന്ന് തോമാസ് അവകാശപ്പെടുന്നു.

കുന്നംകുളത്ത് പുതിയ ബസ്റ്റാസ്റ്റിന് വടക്കുഭാഗം ടി. കെ.കൃഷ്ണൻ വൺ വേ റോഡിൽ കിഴക്കുഭാഗത്താണ് നൂതന മൂക്കുത്തി കട. നൂതന ഡിസൈനുകളിൽ തെക്കേക്കര യുടെ പണിശാലയിൽ തീർത്ത നൂതന വെള്ളി മൂക്കുത്തികൾ ഇവിടെ ധാരാളമാണ്..ആവശ്യത്തിന് സ്വർണ്ണം പൂശിയ മൂക്കുത്തി കളും ലഭ്യമാണ്. വലിയ വില യില്ല. 2026 ലെ ഓണത്തിനാണ് മൂക്കുത്തി കട ആരംഭിച്ചത്.കണ്ണഞ്ചിപ്പിക്കും പ്രചരണങ്ങളില്ലാതെ തന്നെ, തെക്കേക്കരയുടെ ആഭരണവ്യാപാരത്തിലെ വിശ്വാസ്യതയും, സൗഹൃദവും കണക്കിലെടുത്ത് ഫാഷൻ ആഭരണമണിയൽ ട്രെന്റായി ധാരാളം വനിതകൾ മൂക്കുത്തി കടയിലെത്തുന്നു.

വില എന്തായാലും മനഷ്യരിൽ പ്രത്യേകാൽ സ്ത്രീകൾക്ക് ആഭരണങ്ങൾ അണിയൽ അനിവാര രീതിയാണ്. വെള്ളി, സ്വർണ്ണം, മറ്റ് ലോഹങ്ങൾ ഉൾപ്പെടെ ആ ഭരണങ്ങൾ അണിയൽ വർദ്ധിക്കുന്നു. ഫാഷനും ആഭരണ സംസ്കാരവും കൂടിയാണത്. ആ ഭർണ ഫാഷൻ ലോകം ഇന്ന് വിപുലമാണ്. ഒപ്പം തന്നെ ആഭരണ വിൽപന ശാലകളും.

ആ രംഗത്ത് തെക്കേക്കര മികച്ച സേവനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. പാരമ്പര്യവും ആ ധുനികതയും ഒന്നിച്ചുള്ളതാണ് ഇക്കാലത്തെ ആ ഭരണ വ്യാപാര ട്രെന്റ്.അതിൻ ഗുണഫലം തെക്കേക്കരയിലൂടെ ലഭ്യമാകും. അതിന്റെ തുടക്കമാണ് മൂക്കുത്തിക്കടയെന്ന് വിശേഷിപ്പിക്കാം.

ബൈബിളിലെ മൂക്കുത്തി

മൂക്കുത്തിയുടെ ഉൽഭവവും പ്രാചീന ചരിത്രവും കൗതുകകരമാണ്. ഏകദേശം 4000 – വർഷങ്ങൾക്കു മുമ്പ് മധ്യ പൂർവദേശത്താണ് മൂക്കുത്തി ആദ്യമായി പ്രചാരത്തിൽ വന്നത്.ബൈബിളിലെ പഴയ നിയമത്തിൽ (ഉല്പത്തി: പുസ്തകം 24:22) അബ്രഹാം തന്റെ മകൻ ഇസഹാക്കിന്റെ വധുവായ റിബേക്കയ്ക്ക് സ്വർണ്ണ മൂക്കുത്തി (ഷാ നെഫ്) സമ്മാനിച്ചതായി പരാമർശമുണ്ട്.

വടക്കെ ആഫ്രിക്കയിലെ ബെർബർ, സെദൂയിൻ ഗോത്രങ്ങളിൽ മൂക്കുത്തി സമ്പത്തിന്റേയും സാമൂഹ്യപദവിയുടേയും അടയാളമായിരുന്നു. വിവാഹ സമയം ഭർത്താവ് നൽകുന്ന മൂക്കുത്തിയുടെ വലുപ്പം കുടുംബത്തിന്റെ സാമ്പത്തിക ശേഷിയെ പ്രതിഫലിപ്പിച്ചിരുന്നു.

രാജകീയം

പുരാതന ഇന്ത്യൻ ശില്പങ്ങളിലൊ വേദങ്ങളിലൊ മൂക്കുത്തിയെ കുറിച്ചുള്ള വ്യക്ത പരാമർശങ്ങൾ അപൂർവം. 9 മുതൽ 11– വരെ നൂറ്റാണ്ടുകളിൽ മധ്യപൂർവദേശത്തു നിന്നുള്ള കച്ചവടക്കാരിലൂടെയും മുഗൾ അധിനിവേശത്തിലൂടെയുമാണ് മൂക്കുത്തി ഉത്തരേന്ത്യയിൽ ശക്തമായി പ്രചരിച്ചത് എന്നാണ് നിഗമനം.

തോമസ് തെക്കേക്കര

മുഗൾ കാലഘട്ടത്തിലാണ് മൂക്കുത്തി അതി സങ്കീർണ്ണമായ കൊത്തുപണികളോടും രത്നങ്ങ ളോടും കൂടി രാജകീയ സ്ത്രീകളുടെ പ്രധാന ആഭരണമായി മാറിയത്. വലിയ വളയത്തിന്മേൽ മുത്തുകൾ കോർത്ത 'നഥ്.' -- ഇക്കാലത്ത് പ്രശ്തമായി.

മൂക്കുത്തിപ്പൊട്ട്

അർദ്ധ ചന്ദ്രാകൃതിയിൽ മുത്തുകളും ചുവന്ന കല്ലുകളും പതിച്ച 'ബ്രഹ്മണി നഥ് – 'പരമ്പരാഗത മറാത്ത (മഹാരാഷ്ട്ര) സംസ്കാരത്തിന്റെ മുഖമുദ്രയാണ്.

'നഥ്നി' എന്നറിയപ്പെടുന്ന വലിയ സ്വർണ് വളയം കവിളിലൂടെ തലമുടിയിലേക്ക് ചങ്ങലയിട്ട് ഘടിപ്പിക്കും രീതിയാണ് രാജസ്ഥാനിലേത്.

തമിഴ് നാട്ടിലും കേരളത്തിലും മൂക്കിൻ ഇരു വശങ്ങളിലും ന്ടുവിലും (ബെസ സരി , മൂക്കുത്തി , മൂക്കുത്തിപ്പൊട്ട്) അണിയുന്ന രീതി നിലവിലുണ്ടായിരുന്നു. പച്ച, ചുവപ്പ് കല്ലുകൾ, പതിപ്പിച്ച അട്ടിക – മാതൃകയിലുള്ള മൂക്കുത്തികൾ . ദ്രാവിഡ ക്ഷേത്രകലകളിലും, ഭാത നാട്യം പോലുളള നൃത്തരൂപങ്ങളിലും അവിഭാജ്യമായി.

മൂക്കുത്തി കൊതി ഇനി മനസ്സിൽ ഒതുക്കേണ്ട
Mookkuthi Kada Silver Jewellery Kunnamkulam
മൂക്കുത്തി കട
Opp: Thekkekara Silver Jewellery
For More info 79079 16925, 9562322111

ആയുർവേദം

ആയുർവേദ പ്രകാരം മൂക്കിന്റെ ഇടതു ഭാഗം തുളക്കുന്നത് സ്ത്രീകളുടെ പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇടത് നാസാര ന്ധ്രത്തിലെ ചില നാഡികൾ സ്ത്രീകളുടെ ഗർഭാശയ ആരോഗ്യം, ആർത്തവവേദന ലഘുകരണം,പ്രസവം സുഗമമാക്കൽ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന പരമ്പരാഗത വിശ്വാസം ഇതിന് പിന്നിലുണ്ട്. അക്യൂ പഞ്ചർ തത്വങ്ങളുമായും ഇത് യോജിച്ചു പോകുന്നു.

കാലാന്തരത്തിൽ വിവാഹ ചിഹ്നമായും, പാരമ്പര്യമായും നിലനിന്ന മൂക്കുത്തി, ഇന്ന് അതിരു കടന്ന് സ്വയം പ്രകാശനത്തിന്റേയും വ്യക്തിത്വത്തിന്റയും ഒരു ഫാഷൻ അടയാളമായി ലോകമാകെ മാറിയിട്ടുണ്ട്.

–രാജൻ എലവത്തൂർ

കെഎസ്ഇബി കരാർ ജീവനക്കാരൻ ഷോക്കേറ്റ് മരിച്ചു

തൃശൂർ: വൈദ്യുതി പോസ്റ്റിലെ തകരാർ പരിഹരിച്ച് തിരികെ ഇറങ്ങുന്നതിനിടെ ഷോക്കേറ്റ് കെഎസ്ഇബി കരാർ ജീവനക്കാരൻ മരിച്ചു. മരത്താക്കര സെക്ഷൻ ഓഫീസിലെ കരാർ ജീവനക്കാരനും പാലക്കാട് പെരിങ്ങോട്ടുകുറിശ്ശി കോട്ടായി പരുത്തിപ്പുള്ളി സ്വദേശിയുമായ തോട്ടക്കര വീട്ടിൽ രാധാകൃഷ്ണൻ (50) ആണ് മരിച്ചത്. ഇന്നലെ വൈകീട്ട് പാലിയേക്കര പഴയ ദേശീയപാതയിലായിരുന്നു അപകടം. സമീപത്തെ കെട്ടിടത്തിൽ വൈദ്യുതി തടസ്സപ്പെട്ടെന്ന പരാതി പരിഹരിക്കാനാണ് രാധാകൃഷ്ണൻ സ്ഥലത്തെത്തിയത്. പോസ്റ്റിൽ കയറി ലൈനിലെ തകരാർ പരിഹരിച്ച് ഇറങ്ങുന്നതിനിടെ അപ്രതീക്ഷിതമായി ഷോക്കേറ്റ് താഴേക്ക് വീഴുകയായിരുന്നു. ഉടൻ തന്നെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അപകടത്തിന് കാരണമായ സാങ്കേതിക തകരാർ എന്താണെന്ന് വ്യക്തമായിട്ടില്ല. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തി. പുതുക്കാട് പോലീസ് സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു.

കുപ്രസിദ്ധ അന്തർസംസ്ഥാന മോഷ്ടാവ് 'സ്പൈഡർ സാബു' പോലീസിന്റെ പിടിയിൽ

കൊടുങ്ങല്ലൂർ : വടക്കേനടയിൽ ആളൊഴിഞ്ഞു കിടന്ന വീട്ടിൽ മോഷണം നടത്തുന്നതിനിടയിൽ കുപ്രസിദ്ധ അന്തർസംസ്ഥാന മോഷ്ടാവ് പിടിയിൽ. വയനാട് സുൽത്താൻ ബത്തേരി താലൂക്ക് കുപ്പാടി വില്ലേജ് വെങ്ങുരുക്കുന്നു സ്വദേശി പ്ലാമൂട്ടിൽ വീട്ടിൽ സാബു (55) ആണ് പിടിയിലായത്.

ഇന്നലെ രാത്രി 11 മണിയോടെയായിരുന്നു സംഭവം. വടക്കേനട സ്വദേശി രാജീവിന്റെ വീട്ടിലാണ് മോഷണശ്രമം നടന്നത്. വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നെങ്കിലും അകത്തുണ്ടായിരുന്ന സിസിടിവി ക്യാമറ വഴി വീട്ടുടമസ്ഥൻ മൊബൈൽ ഫോണിൽ ദൃശ്യങ്ങൾ കണ്ട് ഉടൻ തന്നെ കൊടുങ്ങല്ലൂർ പോലീസ് വിവരം അറിയിക്കുകയായിരുന്നു.

വിവരമറിഞ്ഞ ഉടൻ തന്നെ എസ്.ഐ അതുൽ മോഹൻ, ജി.എസ്.ഐ സജീവ്, ഡി.വി.ആർ സി.പി.ഒ അമൽ ദേവ്, സി.പി.ഒമാരായ ജാബിർ, മുഹീബ് റഹ്മാൻ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്തെത്തി. മെയിൻ ഗേറ്റ് താഴിട്ട് പൂട്ടിയിരുന്നതിനാൽ പോലീസ് സംഘം മതിൽ ചാടിക്കടന്ന് വീട് വളയുകയായിരുന്നു. വീടിന്റെ മുകൾ നിലയിൽ വെട്ടം കണ്ടതോടെ കള്ളൻ അകത്തുണ്ടെന്ന് ഉറപ്പുവരുത്തിയ പോലീസ്, പ്രതി രക്ഷപ്പെടാതിരിക്കാൻ അതീവ ജാഗ്രതയോടെ കാത്തുനിന്നു. തുടർന്ന് പിൻവശത്തെ ജനൽ വഴി പുറത്തിറങ്ങാൻ ശ്രമിച്ച പ്രതിയെ പോലീസ് വീട്ടിൽ നിന്നെടുത്ത പണം സഹിതം കൈയോടെ പിടികൂടുകയായിരുന്നു. പിൻവശത്തെ ജനൽ പൊളിച്ചാണ് ഇയാൾ അകത്തു കയറിയത്.

തുടർന്ന് സ്റ്റേഷനിൽ എത്തി നടത്തിയ പരിശോധനയിലാണ് പിടിയിലായത് വിവിധ ജില്ലകളിലായി നിരവധി കേസുകളിൽ പ്രതിയായ 'സ്പൈഡർ സാബു' എന്നറിയപ്പെടുന്ന സാബു ആണെന്ന് വ്യക്തമായത്. ആളൊഴിഞ്ഞ വീടുകൾ നോട്ടമിട്ട് മോഷണം നടത്തുന്നതാണ് ഇയാളുടെ രീതി.

സാബു കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ പരിധിയിൽ വെച്ച് കവർച്ചക്കിടെ ഒരാളെ കൊലപ്പെടുത്തിയ കേസിലും തൃശ്ശൂർ ഗുരുവായൂർ, ഗുരുവായൂർ ടെമ്പിൾ, കുന്നംകുളം, വയനാട് ബത്തേരി, കോഴിക്കോട് ഫറോഖ്, പന്നിയങ്കര, നല്ലളം, ചെമ്പോല, എറണാംകുളം കുന്നത്ത്നാട് പോലീസ് സ്റ്റേഷൻ പരിധികളിലായി പന്ത്രണ്ട് മോഷണക്കേസുകളിലും അടക്കം പതിമൂന്ന് ക്രിമിനൽ ക്കേസുകളിൽ പ്രതിയാണ്.

ആമ്പല്ലൂർ കോർട്ട് റോഡും എരിപ്പോട് റോഡും ഉടൻ ഗതാഗത യോഗ്യമാക്കണം ആർ ജെ ഡി

വർഷങ്ങളായി ടാറിങ് പൊളിഞ്ഞ് കുഴികൾ ആയി ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന നാഷണൽ ഹൈവേ ലിങ്ക് റോഡ് ആമ്പല്ലൂർ കോർട്ട് റോഡുംഎരിപ്പോട് റോഡും ഉടൻ ഗതാഗതയോഗ്യം ആക്കണമെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി അള ഗപ്പനഗർ പഞ്ചായത്ത് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു ആവശ്യമായ പണം പാസാക്കിയിട്ടും ടാറിന്റെ വില കൂടിയതിന്റെ പേരിൽ ഇനിയും റോഡുകൾ ഗതാഗയോഗ്യം ആക്കുന്നതിൽ കാലതാമസം വരുത്തിയാൽ പ്രക്ഷോഭം സംഘടിപ്പിക്കുവാനും യോഗം തീരുമാനിച്ചു യോഗം ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു ജില്ലാ കമ്മിറ്റി അംഗം ഐ പി കുട്ടൻ കെ എസ് സുകുമാരൻ ടി പി ജേക്കബ് വി ആർ അജിത് കുമാർ റപ്പായി ആളൂക്കാരൻ വിവി അന്തോണി വിപി അയ്യപ്പ കുട്ടി മോഹനൻ വെണ്ടൂർ എംപി ജോർജ് എം വി പ്രദീപ് കെ ഡി ജോർജ് തുടങ്ങിയവർ സംസാരിച്ചു.

'വിജയസ്മൃതി ചിത്രം' സംഘടിപ്പിച്ചു

തൃപ്രയാർ : മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ 'നന്മ' നാട്ടിക മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആർട്ടിസ്റ്റ് വിജയൻ അനുസ്മരണ പരിപാടി 'വിജയസ്മൃതി ചിത്രം' സംഘടിപ്പിച്ചു.

ഞായറാഴ്ച ഉച്ചയ്ക്ക് നാട്ടിക പഞ്ചായത്ത് ജൂബിലി മന്ദിരത്തിൽ നടന്ന ചടങ്ങിൽ ദിനേശ് തൃപ്രയാർ പ്രാർത്ഥനാഗീതം ആലപിച്ചു. നന്മ സെക്രട്ടറി സനുഅശോക് ആമുഖ പ്രസംഗം നടത്തി. ചലച്ചിത്ര സംവിധായകൻ അമ്പിളി ഉൽഘാടനം നിർവഹിച്ചു. ആർട്ടിസ്റ്റ് വിജയൻ മാസ്റ്റർ വരച്ച തൃപ്രയാറപ്പന്റെ ചിത്രത്തിന്റെ പുനഃപ്രകാശനവും നടത്തി. നന്മ നാട്ടിക മേഖലാ പ്രസിഡണ്ട് മനോമോഹനൻ അദ്ധ്യക്ഷത വഹിച്ചു

നാട്ടിക - വലപ്പാട് - താന്ന്യം ഗ്രാമപ്പഞ്ചായത്ത് പ്രസിഡണ്ടുമാരായ പി.വിനു , പി.കെ മോഹനൻ മാസ്റ്റർ, എൻ.എ. പീതാംബരൻ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. തുള്ളൽ കലാകാരൻ മുരിയാട് മുരളീധരൻ, സംസ്കൃത പണ്ഡിതൻ കെ .ദിനേശ് രാജാ, എം.ബി.സജീവൻ,ശ്രീനാഥ് വിജയൻ,സുനിൽ വൈശാഖം എന്നിവർ സംസാരിച്ചു.

വാർഷിക–സ്പോർട്സ് ഡേ–2026

ഇരിങ്ങാലക്കുട,: സെൻറ് മേരീസ് ഹൈ സ്കൂളിൽ Annual Sports Day 2026 പ്രൗഢ ഗംഭീരമായി ആഘോഷിച്ചു. പി ടി എ പ്രസിഡന്റ് ബൈജു കൂവപറമ്പിൽ അധ്യക്ഷനായിരുന്ന യോഗം സ്കൂൾ മാനേജർ വെരി. റവ. ഫാ. ഡോ. പ്രൊഫ. ലാസർ കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് റീജ ജോസ് സ്വാഗതം ആശംസിച്ചു. സീനിയർ അസിസ്റ്റന്റ് ലിറ്റി കെ പി ആശംസ അർപ്പിച്ചു.

ദീപശിഖ പ്രയാണം വിദ്യാർത്ഥികളെ പുളകം കൊള്ളിച്ചു സ്പോർട്സ് കൺവീനർ ഡേവിസ് പോൾ പിറയത്ത് കൃതജ്ഞത പ്രകാശിപ്പിച്ചു

പട്ടയമേള തൃശൂരിൽ തുടക്കം; സെപ്തംബർ 11ന് ടൗൺഹാളിൽ

തൃശൂർ: സർക്കാരിന്റെ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി ഭൂരഹിതരായവർക്ക് പട്ടയം നൽകുന്ന പട്ടയമേളയ്ക്ക് സെപ്റ്റംബർ 11 ന് രാവിലെ 10.30 ന് തൃശൂർ കെ. കരുണാകരൻ സ്മാരക ടൗൺ ഹാളിൽ തുടക്കമാകും.

റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം നിർവ്വഹിക്കും. സംസ്ഥാനത്തെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പ് സജീവമായ പ്രവർത്തനം നടത്തുകയാണെന്ന് റവന്യൂ മന്ത്രി പറഞ്ഞു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി എല്ലാ ജില്ലകളിലും പട്ടയമേള നടക്കും. എം.എൽ.എ രാജൻ ജെ. പല്ലൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കേന്ദ്ര പെട്രോളിയം പ്രകൃതിവാതക ടൂറിസം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. എം.പിമാർ, എം.എൽ.എമാർ, തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾ, ലാൻഡ് റവന്യൂ കമ്മീഷണർ എച്ച്. ദിനേശൻ, ജില്ലാ കളക്ടർ ശിഖാ സുരേന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

നിര്യാതരായി

റോസി

ചേലൂർ : തേമാലിതറ പരേതനായ കുറുവീട്ടിൽ റപ്പായി ഭാര്യ റോസ്സി (78) നിര്യാതയായി സംസ്കാരം പിന്നീട്

മക്കൾ: ജോയ്സി,ഷാജൻ, സിസ്റ്റർ ജോസഫീന എഫ് സി സി (പ്രിൻസിപ്പാൾ ട്രിനിറ്റി കോൺവെൻറ് ഹയർ സെക്കന്ററി സ്കൂൾ, വിധീഷ, മധ്യപ്രദേശ്) ഷൈജു (സൗദി അറേബ്യ) മരുമക്കൾ : ജോൺസൻ, ഷിജി, ജെസ്സി

നവാബ് രാജേന്ദ്രൻ



കോടമഞ്ഞിന്റെ ഈർപ്പവും കടലിന്റെ ഉപ്പുരസവും കലർന്ന കാറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ തണുത്ത ഇടനാഴികളിലൂടെ അപ്പോഴും അടിച്ചു വീശുന്നുണ്ടായിരുന്നു. ആ ഇടനാഴിയുടെ കോണിൽ, ഒരു മരക്കട്ടിലിൽ നവാബ് രാജേന്ദ്രൻ വിട വാങ്ങിയിരുന്നു.

തലയണയ്ക്കരികിൽ ആ പഴയ കറുത്ത റെക്സിൻ ബാഗ് അനാഥമായി കിടന്നു. കൈയിൽ വിലങ്ങുവീണ പോലീസുകാരുടെ വിരലടയാളങ്ങളും, അടിച്ചുതകർത്ത പല്ലുകളുടെ ഓർമ്മകളും, അധികാരത്തിന്റെ ഇടനാഴികളെ വിറപ്പിച്ച ഹർജികളുടെ പകർപ്പുകളും ആ ബാഗിനുള്ളിൽ തങ്ങിനിന്നു.

* അധികാരം എന്നുമെന്നും മനുഷ്യനെ അന്ധനാക്കുന്ന ഒന്നാണ്. ആ അന്ധതയുടെ നെറുകയിലാണ് ഒറ്റയാൾ പടയാളിയായി നവാബ് നടന്നുകയറിയത്.

* ഓർമ്മകളുടെ കടലാസുതുണ്ടുകൾക്ക് തീപിടിക്കുന്നതുപോലെ ചില മുഖങ്ങൾ ഒന്നൊന്നായി തെളിഞ്ഞുവന്നു.

* ആദ്യം തെളിഞ്ഞത് എം.പി. ഗംഗാധരന്റെ മുഖമാണ്.

ജലസേചന വകുപ്പിന്റെയും അധികാരത്തിന്റെയും ഗർവ്വിൽ ഇരിക്കുമ്പോൾ, സ്വന്തം വീട്ടിനുള്ളിലെ നിയമലംഘനം അദ്ദേഹം കണ്ടില്ലെന്ന് നടിച്ചു. പ്രായപൂർത്തിയാകാത്ത മകളെ വിവാഹം കഴിപ്പിച്ചയച്ചപ്പോൾ, ആരും ചോദിക്കാനില്ലെന്ന ധാർഷ്ട്യമായിരുന്നു. പക്ഷേ, നവാബ് ഹൈക്കോടതിയുടെ പടവുകൾ കയറി. 'നിയമം നടപ്പാക്കേണ്ടവൻ തന്നെ നിയമം കാറ്റിൽപ്പറത്തുമ്പോൾ ഈ നാട് ആര് ഭരിക്കും?' എന്ന ചോദ്യത്തിന് മുന്നിൽ കോടതിയുടെ മുട്ടൻ ചൂരൽ വീണു. 1986–ൽ ഗംഗാധരന് മന്ത്രികസേരയിൽ നിന്ന് ഇറങ്ങിപ്പോകേണ്ടി വന്നു.

*പിന്നെ തെളിഞ്ഞത് കെ. കരുണാകരന്റെ വിശ്വസ്തനായിരുന്ന പ്രൊഫ. എം.പി. തങ്ങളകുഞ്ഞിന്റെ മുഖമാണ്. പ്രതീകാത്മകമായ അഴിമതി ആരോപണങ്ങളും നിയമയുദ്ധങ്ങളും നവാബ് ഒന്നിനുപിറകെ ഒന്നായി തൊടുത്തുവിട്ടു.

തങ്ങളകുഞ്ഞിന്റെ വഴിവിട്ട ഇടപാടുകൾ ഓരോന്നായി വെളിച്ചത്തു കൊണ്ടുവന്നപ്പോൾ, ആ അധികാരക്കസേരയും തെറിച്ചുപോയി.

* ലീഡർ കെ. കരുണാകരന്റെയും അദ്ദേഹത്തിന്റെ മകൾ പത്മജയുടെയും ഉറക്കം കെടുത്തിയ രാത്രികൾക്ക് നവാബ് മാത്രമായിരുന്നു സാക്ഷി.

തട്ടിക്കൊണ്ടുപോകലുകളും രാജൻ കേസിന്റെ നിഴലുകളും അഴിമതിയുടെ കറകളും കോടതിമുറികളിലേക്ക് നവാബ് വലിച്ചിഴച്ചു.

ഭരണകൂടത്തിന്റെ വിരട്ടലുകൾക്കും പോലീസിന്റെ ക്രൂരമായ മർദ്ദനത്തിനും മുന്നിൽ നവാബ് ചിരിക്കുക മാത്രം ചെയ്തു. ആ ചിരിയിൽ അധികാരത്തിന്റെ അഹങ്കാരങ്ങൾ അഴിഞ്ഞു വീണു.

* പക്ഷേ, പ്രതികാരം അധികാരികൾ കരുതിവെച്ചിരുന്നത് നവാബിന്റെ മരണശേഷമായിരുന്നു.

* 'എന്റെ ശരീരം മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കൊടുക്കണം. ഈ നാടിന് ഒരു ഉപകാരവുമില്ലാത്ത എന്റെ മാംസം അവർക്ക് ഉപകരിക്കട്ടെ...' ഇതായിരുന്നു നവാബിന്റെ അവസാന ആഗ്രഹം.

* എന്നാൽ, ജീവിച്ചിരുന്നപ്പോൾ തങ്ങളെ വിറപ്പിച്ചവന്റെ അന്ത്യാഭിലാഷം പോലും നടത്തിക്കൊടുക്കാൻ ഭരണകൂടത്തിന്റെ വൈരാഗ്യം അനുവദിച്ചില്ല. മെഡിക്കൽ കോളേജിലെ തണുത്തുറഞ്ഞ അനാട്ടമി മുറിയിൽ നവാബിന്റെ ശരീരം എത്തിച്ചു. പക്ഷേ, അവിടേക്ക് രഹസ്യ ഉത്തരവുകൾ എത്തി. എംബാം ചെയ്യരുത്! അങ്ങനെ കിടക്കട്ടെ...

* ദിവസങ്ങൾ കടന്നുപോയി. ഫ്രീസറിനുള്ളിൽ വെച്ച് ആ പോരാളിയുടെ മൃതദേഹം പതുക്കെ അഴുകാൻ തുടങ്ങി. നീലിച്ചു കറുത്ത മാംസപേശികളും ഞരമ്പുകളും വിദ്യാർത്ഥികൾക്ക് ഉപയോഗശൂന്യമായി. തങ്ങളുടെ ശത്രുവിന്റെ ആഗ്രഹം പോലും ഇല്ലാതാക്കിയെന്ന ഉറപ്പുവരുത്തിയ ശേഷം, ഒരു രാത്രിയിൽ, ആരുമറിയാതെ, പോലീസിന്റെ കാവലിൽ അധികാരികൾ ആ ശരീരം രഹസ്യമായി ദഹിപ്പിച്ചു കളഞ്ഞു.

* മെഡിക്കൽ കോളേജിന് മുകളിൽ നിന്ന് ഒരു പുകച്ചുരുൾ അന്തരീക്ഷത്തിലേക്ക് ഉയർന്നുപൊങ്ങി. ആ പുകച്ചാർത്തിൽ നിന്ന് അപ്പോഴും നവാബിന്റെ ആ പഴയ മൂർച്ചയുള്ള ചിരി കേൾക്കാമായിരുന്നു മൃതദേഹത്തെ അഴുകിച്ച് ഇല്ലാതാക്കാം, പക്ഷേ അതുകൊണ്ട് തോറ്റുപോകുന്നതല്ല ചരിത്രം എന്ന ചിരി..

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

EA 01/2026, EP 921/2022, OS 2646/2014

മുകുന്ദപുരം താലൂക്ക് നെന്മണിക്കര വില്ലേജ് ടി ദേശത്ത് ചുള്ളി വീട്ടിൽ വേലായുധൻ മകൻ 61 വയസ്സ് ഇലക്ട്രീഷ്യൻ രവീന്ദ്രൻ.

–വിധി ഉടമസ്ഥൻ/ഹർജിക്കാരൻ

1. മുകുന്ദപുരം താലൂക്ക് ചെങ്ങാലൂർ വില്ലേജ്, സ്നേഹപുരം ദേശത്ത് നെന്മണിക്കര വീട്ടിൽ പോൾസൺ മകൾ പ്രിയദർശിനി
2. മുകുന്ദപുരം താലൂക്ക് ചെങ്ങാലൂർ വില്ലേജ് സ്നേഹപുരം ദേശത്ത് നെന്മണിക്കര വീട്ടിൽ പോൾസൺ മകൾ പ്രീത
3. മുകുന്ദപുരം താലൂക്ക് ചെങ്ങാലൂർ വില്ലേജ് സ്നേഹപുരം ദേശത്ത് നെന്മണിക്കര വീട്ടിൽ പോൾസൺ മകൾ പ്രീമ

–2, 3, 4 വിധികടക്കാർ/എതൃകക്ഷികൾ

മേൽനമ്പ് കേസിൽ 2, 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് **22-09-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊളളുന്നു.

എന്ന്,
2026 സെപ്തംബർ മാസം 5–ാം തിയ്യതി
വിധിഉടമ ഭാഗം അഡ്വക്കേറ്റ്
കെ. വി. രഘൂത്തമൻ (ഒപ്പ്)



പനി ബാധിച്ച് മരിച്ചു

കുന്നംകുളം: പനി ബാധിച്ച് പൂനയിൽ ചികിത്സയിലായിരുന്ന പോർക്കുളം സ്വദേശിയായ യുവാവ് മരിച്ചു. പോർക്കുളം പയ്യൂർ വീട്ടിൽ ബിജു പീറ്റർ മകൻ മെൽവിൻ ബിജു (22) ആണ് ഇന്നലെ പൂനയിൽ വെച്ച് ചികിത്സക്കിടെ മരിച്ചത്. ടൂൾ & ഡൈ കോഴ്സ് പൂർത്തിയാക്കിയ ശേഷം പൂനയിലെ ഒരു കമ്പനിയിൽ കഴിഞ്ഞ രണ്ടു വർഷമായി ജോലി ചെയ്തു വരികയായിരുന്നു. ഇതിനിടെയാണ് കഴിഞ്ഞദിവസം കടുത്ത പനി ബാധിച്ച് ആശുപത്രിയിൽ അഡ്മിറ്റ് ആയത്. സംസ്കാരം ഉച്ചക്ക് 2 മണിക്ക് കുന്നംകുളം അടുപ്പൂട്ടി വി.നാഗൽസഭ സെമിത്തേരിയിൽ. അമ്മ: മിനി.